"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

KSHB Building, 4th Floor
ശാന്തിനഗർ, തിരുവനന്തപുരം – 01

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: കെ.ബിജു, ഐ.എ.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് – മാനസിക വൈകല്യമുള്ള അപേക്ഷകർക്ക് ഐ.ടി.ഐകളിൽ അഡ്മിഷൻ നൽകുന്നത് – കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) –ടെ 27/07/2016 ലെ ഡി1/16283/16/ജി.മെ.ആ. നമ്പർ കത്ത്.

**ഉത്തരവ് നമ്പർ : C1/10894/15 തീയതി : 20/09/2016**

സംസ്ഥാനത്തെ ഐ.ടി.ഐകളിൽ മാനസിക വൈകല്യമുള്ള അപേക്ഷകരെ പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരം മെരിറ്റിന്റെ അടിസ്ഥാനത്തിൽ അർഹതയുണ്ടെങ്കിൽ പ്രവേശനത്തിന് പരിഗണിക്കാറുണ്ട്. എന്നാൽ ടി വിഭാഗങ്ങൾക്ക് സംവരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ ലഭിച്ചതിനാൽ ടി വിഷയത്തിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസറിൽ (ആരോഗ്യം) നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും പരാമർശം പ്രകാരം റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. മാനസികവൈകല്യമുള്ള അപേക്ഷകരെ ഐ.ടി.ഐ പ്രവേശനത്തിന് പരിഗണിക്കുന്നതിന് ഒരു വിദഗ്ദ്ധ മെഡിക്കൽ ഓഫീസറുടെ വിശകലനത്തോടുകൂടി തയ്യാറാക്കുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണെന്നും ബുദ്ധിമാന്ദ്യമുള്ളവരുടെ കാര്യത്തിൽ IQ-70% ത്തിന് മുകളിൽ വേണമെന്നും പരാമർശ കത്ത് പ്രകാരം ജില്ലാമെഡിക്കൽ ആഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി.ഐകളിൽ നിലവിലുള്ള ഏതെല്ലാം കോഴ്സുകളിൽ ടി വിഭാഗക്കാരെ പരിഗണിക്കാമെന്നതിനെക്കുറിച്ച് ഒരു മാനസികാരോഗ്യ വിദഗ്ദ്ധനും പ്രസ്തുത കോഴ്സിനെക്കുറിച്ച് അറിവുള്ള ഒരു വിദഗ്ദ്ധനും അടങ്ങിയ സമിതിയ്ക്ക് തീരുമാനിക്കാവുന്നതാണ് എന്നും പരാമർശ പ്രകാരം അറിയിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ, തുടർന്നുവരുന്ന ഐ.ടി.ഐ അഡ്മിഷനുകളിൽ വിവിധ കോഴ്സുകളിലേയ്ക്ക് മാനസിക വൈകല്യമുള്ള അപേക്ഷകരെ പരിഗണിക്കുന്നതിനും അവർക്കനുയോജ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനുമായി അതാതു ഐ.ടി.ഐ പ്രിൻസിപ്പാൾമാർ, ചെയർമാനായും മെഡിക്കൽ ഓഫീസറും (മാനസികാരോഗ്യ വിദഗ്ധൻ) ബന്ധപ്പെട്ട മേഖലാ ഐ.ടിയും മെമ്പർമാരായും ഒരു സ്ഥിരം

കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എല്ലാവർഷവും മെയ് മാസം 15ന് മുൻപായി ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ച് അതാത് പ്രിൻസിപ്പാൾ ഈ കാര്യാലയത്തിൽ അറിയിച്ചിരിക്കേണ്ടതാണ്. ടി കമ്മിറ്റിയുടെ വിലയിരുത്തിലനുസൃതമായി മാനസിക വൈകല്യമുള്ള അപേക്ഷകരെ മെരിറ്റ് അടിസ്ഥാനത്തിൽ ഐ.ടി.ഐ അഡ്മിഷനിൽ പരിഗണിക്കേണ്ടതാണ്.

കൂടാതെ ടി വിഭാഗക്കാർക്ക് ഐ.ടി.ഐ കളിൽ നൽകുന്ന പ്രവേശനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചാൽ ആയതിൽ അന്തിമ തീരുമാനമെടുക്കുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ (മാനസികാരോഗ്യ വിദഗ്ദ്ധൻ) എന്നിവർ ഉൾപ്പെടുന്ന നാലംഗ റിവ്യൂ കമ്മിറ്റിയും രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
**ട്രെയിനിംഗ് ഡയറക്ടർ**

സ്വീകർത്താവ്: എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും മേഖലാ ഐ.ടി.മാർക്കും (വകുപ്പ് വെബ്സൈറ്റ് മുഖേന)

പകർപ്പ്: ഡയറക്ടറേറ്റിലെ എല്ലാ ആഫീസർമാർക്കും.

//അംഗീകാരത്തോടെ//

അഡീഷണൽ ഡയറക്ടർ

A. 20/09/2016